# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001


**Tel: 0471- 2561631, 2561615, Fax: 0471-2330920**

**Email:-sic.ker@nic.in**


**<u>ഹർജി നമ്പർ CP.No.613(5)/18/SIC</u>**

**<u>തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം</u>**

**<u>File No.7662 /SIC-G7/2018</u>**

<u>സന്നിഹിത</u>

<u>ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാനവിവരാവകാശ കമ്മീഷണർ</u>

| | |
|---|---|
| **ശ്രീ. എം. എം. ജോസഫ്,<br>മഞ്ഞക്കൽ ഹൗസ്,<br>കാവുംഭാഗം പി.ഒ,<br>കാഞ്ഞിരപ്പള്ളി താലൂക്ക്,<br>കോട്ടയം.** | **പരാതിക്കാരൻ** |
| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ജോയിന്റ് റീജ്യയണൽ ട്രാൻസ്പോർട്ട് ഓഫീസർ,<br>സബ് റീജ്യയണൽ ട്രാൻസ്പോർട്ട് ഓഫീസ്,<br>കാഞ്ഞിരപ്പള്ളി.** | **എതിർകക്ഷി** |

## <u>ഉത്തരവ്</u>

1. പരാതിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് 31.05.2018 ലെ വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, 07.05.2013 ൽ വി.കെ. അൻസാരി ജനകീയ വിവരാവകാശ പ്രവർത്തക സമിതി ചേനപ്പാടി യൂണിറ്റ് പ്രസിഡന്റ് നൽകിയ പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചു. പരാതി സ്വീകരിച്ചിട്ട് കൈപ്പറ്റ് രസീത് നൽകാത്തതിന്റെ കാരണം. copy received എന്ന് എഴുതി 07.05.2018 തീയതി വച്ച് തന്ന പരാതി പകർപ്പിൽ ഓഫീസ് സീലും Inward നമ്പരും ചേർക്കാതെ ഓഫീസിലെ ഏത് രജിസ്റ്ററിലാണ് പരാതി രേഖപ്പെടുത്തിയിട്ടുള്ളത്, പരാതി രേഖപ്പെടുത്തിയ രജിസ്റ്ററിന്റെ ആ പേജിന്റെ പകർപ്പ് എന്നിങ്ങനെയുള്ള 9 വിവരങ്ങളാണ്.
2. പ്രസ്തുത അപേക്ഷയ്ക്ക് വിവരം ലഭിക്കാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ നൽകിയ പരാതി 19.07.2018 തീയതി കമ്മീഷൻ ഫയലിൽ സ്വീകരിച്ചു. 30.07.2021 തീയതി

ടെലഫോൺ മുഖാന്തിരം കേൾക്കുകയും പരാതിക്കാരനും എതിർകക്ഷിയും ഹാജരാകുകയും ഉണ്ടായി.

3. വിവരാവകാശ അപേക്ഷയ്ക്ക് യാതൊരു വിവരവും നൽകിയിട്ടില്ല എന്നാണ് പരാതി ഹർജിക്കാരൻ കമ്മീഷനെ അറിയിച്ചത്.

4. പരാതിഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 28.06.2018 ന് മറുപടി അയച്ചുനൽകി എന്നും എന്നാൽ പ്രസ്തുത മറുപടി പരാതിഹർജിക്കാരൻ കൈപ്പറ്റാതെ 17.07.2018 ൽ മടങ്ങി വന്നു എന്നും നാളിതുവരെ അപേക്ഷയുടെ നിജസ്ഥിതിയെകുറിച്ച് അന്വേഷിച്ചിട്ടില്ല എന്നും പരാതിഹർജിക്കാരന്റെ അപേക്ഷയിൻമേൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് യാതൊരു അനാസ്ഥയും ഉണ്ടായിട്ടില്ല എന്നുമാണ് എതിർകക്ഷി നൽകിയ റിപ്പോർട്ടിലും മൊഴിയിലും അറിയിക്കുന്നത്.

5. പരാതിഹർജിയും മറ്റ് അനുബന്ധരേഖകളും എതിർകക്ഷിയുടെ മൊഴിയും പരിശോധിക്കുമ്പോൾ, 28.06.2018 ന് നൽകി എന്ന് പറയുന്ന മറുപടി തെറ്റായ മേൽവിലാസത്തിൽ ആണ് പോസ്റ്റ് ചെയ്തിട്ടുള്ളത് എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ശരിയായ മേൽവിലാസം രേഖപ്പെടുത്താത്തത് കൊണ്ട് മടങ്ങി വന്ന കത്ത് ഒരിക്കൽ കൂടി ശരിയായ മേൽവിലാസത്തിൽ അയച്ചു നൽകാൻ എതിർകക്ഷി ശ്രമിക്കേണ്ടതായിരുന്നു. കമ്മീഷൻ ഹിയറിംഗിനായി നോട്ടീസ് നൽകിയ സാഹചര്യത്തിലെങ്കിലും പ്രസ്തുത മറുപടിയും കമ്മീഷൻ ആവശ്യപ്പെട്ടതുപ്രകാരമുള്ള റിപ്പോർട്ടിന്റെ പകർപ്പും പരാതിഹർജിക്കാരന് അയച്ചു നൽകാമായിരുന്നു. എന്നാൽ അത്തരത്തിൽ ഒരു നടപടിയും എതിർകക്ഷിയുടെ ഭാഗത്തു നിന്നും ഉണ്ടായില്ല എന്നത് നിർഭാഗ്യകരമാണ്. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ വളരെ ലാഘവത്തോടെയാണ് കൈകാര്യം ചെയ്തിട്ടുള്ളത് എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഇത് വിവരാവകാശ നിയമം വകുപ്പ് 7(1) ന്റെ ലംഘനമായി പ്രഥമദൃഷ്ട്യാ കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20 (1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാര

മുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

6. പരാതിക്കാരൻ ആവശ്യപ്പെട്ട വിവരം നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനുള്ളിൽ, കമ്മീഷൻ ആവശ്യപ്പെട്ടതു പ്രകാരമുള്ള റിപ്പോർട്ടിന്റെ പകർപ്പും 31.05.2018 ലെ വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടിയും സൗജന്യമായി പരാതിഹർജിക്കാരന് അയച്ചു നൽകാൻ എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

7. **ഇപ്രകാരം ഈ പരാതിഹർജിയിൽ ഇന്നേ ദിവസം 2021 നവംബർ മാസം 22 –ാം തീയതി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**

kc